ഭരണ ഭാഷ മാതൃഭാഷ

**എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം**

**(ഹാജർ : ജി പ്രിയങ്ക ഐ എ എസ്)**

വിഷയം :- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി **(2025-2026)** എം.എൽ.എ ശ്രീ: ടി.ജെ വിനോദ് അവർകൾ (എറണാകുളം നിയോജകമണ്ഡലം ) സമർപ്പിച്ച ശുപാർശക്ക് -ഭരണാനുമതി നൽകി- ഉത്തരവാകുന്നു.

പരാമർശം :-

1. സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 126/17 ധന തീയ്യതി 25.09.2017
2. സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 119/2018ധന തീയ്യതി 04.08.2018
3. ബഹു : എം എൽ എ ശ്രീ : ടി .ജെ വിനോദ് അവർകളുടെ 02/02/2026 - ലെ ശുപാർശ കത്ത്
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ , എൽ എസ് ജി ഡി , എറണാകുളത്തിന്റെ 20/01/2026 - ലെ ഡി ബി 3-ജനറൽ /25 നമ്പർ എസ്റ്റിമേറ്റ് അനുബന്ധ രേഖകൾ

**ഉത്തരവ് നം LSGD/JD/EKM/834/2026-F5 തീയതി 09 /02/2026**

2017-2018 വർഷം മുതൽ എംഎൽഎ നിയോജകമണ്ഡല ആസ്തിവികസന പദ്ധതി ജില്ലാ കലക്ടറേറ്റ് മുഖേന നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1), പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പരാമർശം(3), പ്രകാരം ബഹു: എറണാകുളം നിയോജകമണ്ഡലം എംഎൽഎ ശ്രീ: ടി .ജെ വിനോദ് അവർകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ LSGD എറണാകുളം മുഖേന താഴെ പറയുന്ന പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്.

---

**പ്രവർത്തികളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | പദ്ധതി തുക(ലക്ഷത്തിൽ) |
|---|---|---|---|
| **1** | **26156** | **MLA ADS-2025-26 ERNAKUAM LAC- SUPPLY AND INSTALLATION OF HIGHMAST/MINIMAST AT 5 LOCATIONS IN ERNAKULAM LAC .** | **₹19.85** |

പരാമർശം(4) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ LSGD എറണാകുളം മേൽ പ്രവർത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ പരാമർശം(2) ഉത്തരവിനും താഴെ പറയുന്ന നിബന്ധനകൾക്കും അനുസൃതമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ LSGD എറണാകുളത്തെ നിർവഹണ ഉദ്യോഗസ്ഥനായും നിർവഹണ ഏജൻസിയായി KERALA ELECTRICAL AND ALLIED ENGINEERING CO.LTD. MAMALA -യും നിയമിച്ച് ടി പ്രവർത്തിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു

1. പ്രവർത്തി ആരംഭിക്കുന്നതിന് മുൻപായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതാണ്,കൂടാതെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഭാഗത്ത് മാത്രമേ പ്രവൃത്തി നടപ്പിലാക്കുന്നുള്ളൂ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്
2. പ്രവർത്തി ആരംഭിക്കുന്നതിനു മുൻപ് ബന്ധപ്പെട്ട എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ട ചുമതലയും. പ്രവർത്തിക്ക് ആവശ്യമായ എല്ലാ NOC -ഉം ബന്ധപ്പെട്ട വകുപ്പിൽ നിന്നും വാങ്ങിക്കേണ്ട ചുമതലയും നിർവഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും
3. എല്ലാ പ്രവർത്തികളും ഇ ടെൻഡർ മുഖാന്തിരം നടപ്പിലാക്കേണ്ടതാണ്
4. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവർത്തി തുടങ്ങുന്നതിനു മുൻപ് കരാറുകാരനുമായി നിയമപ്രകാരമുള്ള ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.
5. പ്രവർത്തി പൂർണമായും അംഗീകൃത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതാണ്. എസ്റ്റിമേറ്റ് വ്യതിയാനം അനുവദിക്കുന്നതല്ല.
6. പൊതുമരാമത്തു മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യപെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ് . പ്രവർത്തിയുടെ നടപടിക്രമങ്ങൾ ഭരണാനുമതി തിയതിമുതൽ മൂന്ന് വർഷത്തിനുള്ളിൽ ആരംഭിച്ചിട്ടില്ലെങ്കിൽ അവയ്ക്ക് പ്രത്യേക അനുമതി നേടി ഭരണാനുമതി പുതുക്കേണ്ടതാണ്.
7. പദ്ധതി നടപ്പിലാക്കുന്ന വേളയിൽ നിർവഹണ ഉദ്യോഗസ്ഥരുടെ സ്ഥിരമായ മേൽനോട്ടം ഉണ്ടാകേണ്ടതും, പ്രതിമാസ പുരോഗതി റിപ്പോർട്ട് എല്ലാമാസവും 10-ാം തിയതിക്ക് മുൻപായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.
8. പ്രവർത്തിയെ സംബന്ധിച്ചുള്ള നിയമാനുസൃത രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ആയത് കാലാകാലങ്ങളിലുള്ള പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്.
9. .പ്രവർത്തി പൂർത്തീകരണത്തിനുശേഷം എം എൽ എ യുടെ പേര്, പ്രവർത്തിയുടെ പേര്, പ്രവൃത്തിആരംഭിച്ച തിയതി ,പ്രവൃത്തിപൂർത്തീകരിച്ച തിയതി, അടങ്കൽ തുക,പ്രത്യേക വികസന നിധി/മറ്റു ഫണ്ടുകളിൽനിന്നുള്ള വിഹിതം ,ഉദ്ഘാടന തിയതി , സാമ്പത്തിക വർഷം, എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള ഫലകം സ്ഥിരമായി സ്ഥാപിക്കണ്ടതാണ്.
10. പൊതുമരാമത്തുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ ചെലവ് 5054-03-337-94 എന്ന ശീർഷകത്തിൽ നിന്നും, തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ ചെലവ് 4515-00-800-96 എന്ന ശീർഷകത്തിൽ നിന്നും, സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവർത്തികളുടെ ചെലവുകൾ 5475-00-800-91 എന്ന ശീർഷകത്തിൽ നിന്നമാണ് വഹിക്കേണ്ടത്
11. മേൽ സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും പ്രവർത്തികൾ ഏറ്റെടുക്കുന്നതിനും നിർവഹിക്കുന്നതിനും ബാധകമായിരിക്കും.
12. പ്രവർത്തിയുടെ പൂർത്തീകരണത്തിന് ശേഷമുള്ള അറ്റകുറ്റപ്പണികളും , പരിപാലനവും ഏറ്റെടുത്തുകൊണ്ടുള്ള തീരുമാനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിക്കേണ്ട ചുമതല നിർവഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

**ജില്ലാ കളക്ടർ**

**എറണാകുളം**

പകർപ്പ് :-

1. ബഹു. എം .എൽ.എ
2. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
3. ധനകാര്യ (നോഡൽ സെന്റർ -ബി ) വകുപ്പ്, തിരുവനന്തപുരം
4. നിർവ്വഹണ ഉദ്യോഗസ്ഥൻ
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**T. J. VINOD**
(ERNAKULAM)
MEMBER
KERALA LEGISLATIVE ASSEMBLY
THAIVELIKKAKATH HOUSE
NAROTH ROAD
THAMMANAM P. O.
KOCHI—682 032
OFFICE
60/822, SREELAKAM
KARAKKAT ROAD
ERNAKULAM—682 016

OFFICE : 0471-2512256
MOBILE : 9447044047
ROOM NO. 104,
PERIYAR BLOCK,
M. L. A. HOSTEL,
THIRUVANANTHAPURAM.
e-mail: tjvinod3@gmail.com

CAMP. എറണാകുളം
DATE. 02-02-2026

ജില്ലാ കളക്ടർ
എറണാകുളം

പ്രിയ കളക്ടർ,

എറണാകുളം നിയോജക മണ്ഡലത്തിലെ വിവിധ ഇടങ്ങളിൽ MLA-ADS-ൽ നിന്നും തുക വകയിരുത്തി ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് ആവശ്യമായ രേഖകളും എസ്റ്റിമേറ്റും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റ് - (2025-26) - 19,84,500/-

ഭരണാനുമതി ലഭ്യമാക്കാൻ അഭ്യർത്ഥിക്കുന്നു.

MEMBER, KERALA LEGISLATIVE ASSEMBLY ★ ERNAKULAM ★

T.J. VINOD, MLA
ERNAKULAM